8761
20/7/15-

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-സംസ്ഥാനത്തെ സബ് രജിസ്ട്രാർ വില്ലേജ് ഓഫീസുകളിൽ നാഷണൽ ട്രസ്റ്റ് ആക്ട് സംബന്ധിച്ച ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് അനുമതി -ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.442/2015/സാ.നീ .വ തിരുവനന്തപുരം, തീയതി 16.7.2015

പരാമർശം- 1. 28.11.2014 ലെ സ.ഉ(സാധാ)നം.707/14/സാ.നീ.വ ഉത്തരവ്

2. 27.1.2015 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H1-357/15 നമ്പർ കത്ത്

## ഉത്തരവ്

ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയ വൈകല്യങ്ങളുള്ള വ്യക്തികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സാമൂഹ്യനീതി അധികാരവത്ക്കരണ മന്ത്രാലയത്തിന്റെ പരിധിയിലുള്ള നാഷണൽ ട്രസ്റ്റ് ആക്ട് 1999 പ്രകാരം ജില്ലാ കളക്ടർ/ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായ നിയമാധിഷ്ഠിതമായ ലോക്കൽ ലെവൽ കമ്മിറ്റികൾ ജില്ലകൾ തോറും സ്ഥാപിതമായിട്ടുണ്ട്. പ്രസ്തുത വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടി ലീഗൽ ഗാർഡിയനെ നിയമിക്കുന്നതിനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമായി ടി കമ്മിറ്റി പ്രവർത്തിക്കുന്നു.

1999 ലെ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള സംരക്ഷണവും സേവനവും പൂർണ്ണതോതിൽ ലഭ്യമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സബ് രജിസ്ട്രാർ വില്ലേജ് ഓഫീസുകളിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് പരാമർശം ഒന്നു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിൽ ചില ഭേദഗതികൾ വരുത്തണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കുടുംബ ഓഹരിയുമായി ബന്ധപ്പെട്ട ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നീ അവസ്ഥയിലുള്ള പ്രത്യേക പരിഗണന ആവശ്യമായ വ്യക്തികൾ കുടുംബത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തുക.
2. വൈകല്യമുള്ള വ്യക്തികൾ ഉൾപ്പെടുന്ന കുടുംബ സ്വത്തിൽ അവരുടെ അവകാശം സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക
3. പ്രസ്തുത വൈകല്യമുള്ള വ്യക്തികളുടെ കുടുംബ ഓഹരി ഭാഗം വയ്ക്കുക, ക്രയവിക്രയം ചെയ്യുക തുടങ്ങിയവയ്ക്ക് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല ലോക്കൽ ലെവൽ കമ്മിറ്റിയുടെ അനുവാദത്തോടെ മാത്രം മേൽ നടപടി സ്വീകരിക്കുക.
4. പ്രസ്തുത വൈകല്യങ്ങൾ ഉള്ള വ്യക്തികൾക്ക് അവകാശപ്പെട്ട സ്വത്ത് നിയമ വിരുദ്ധമായി ക്രയവിക്രയം ചെയ്ത് അന്യാധീനപ്പെട്ട് പോകുന്നത് തടയുക.

5. പ്രസ്തുത വൈകല്യങ്ങളുള്ള വ്യക്തികളുടെ പേരിൽ വസ്തുക്കൾ പോക്കുവരവ് ചെയ്യുന്നതിനു മുമ്പ് നാഷണൽ ട്രസ്റ്റിന്റെ ജില്ലാതല കമ്മിറ്റിയുടെ രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ നടപ്പിലാക്കുന്ന എല്ലാ ക്രയവിക്രയങ്ങളും നിയമ വിരുദ്ധവും റദ്ദ് ചെയ്യപ്പെടുന്നതുമാണ്.

പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.ആർ.വേണുഗോപാലൻ നായർ, സ്റ്റേറ്റ് കോർഡിനേറ്റർ, SNAC, ആശ്രയ, പുള്ളിയിൽ. കിളികൊല്ലൂർ, കൊല്ലം-691004
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, കരിമണൽ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Elizabeth

സെക്ഷൻ ഓഫീസർ